പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 7185

11.07.2014-ൽ മറുപടിയ്ക്ക്

## കയർ ഉൽപന്നങ്ങളുടെ വിപണനം

| ചോദ്യം<br>ശ്രീ. പി.കെ. ഗുരുദാസൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ആഭ്യന്തര വിപണിയിൽ കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും വിപണനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കമോ; | എ) കയറുല്പന്നങ്ങളുടെ ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യയിൽ ഏജൻസി ഷോറൂമുകൾ ഉൾപ്പെടെ ഷോറൂമും വിൽപ്പനശാലകളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. നിലവിലുള്ള ഷോറൂമുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. 'കേരള കയർ ഫെയർ' എന്ന പേരിൽ റീജ്യണൽ എക്സിബിഷനുകൾ സംഘടിപ്പിച്ചു. 'കയർ കേരള്'പോലുള്ള എക്സിബിഷനുകൾ സംഘടിപ്പിച്ചും പ ങ്കെടുത്തും, 'ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം' പോലുള്ള പരസ്യങ്ങൾ നൽകിയും, വൈവിധ്യ വൽക്കരണ ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ചും, ആഭ്യന്തര വിപണനം ശക്തമാക്കുകയാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കഴിഞ്ഞ വർഷം 8 കോടി രൂപയുടേയും, ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് 2.61 കോടി രൂപയുടേയും ഉല്പന്നങ്ങൾ ആഭ്യന്തര വിപണനം നടത്തുകയുണ്ടായി. കയർഫെഡ് കയർ, കയറുല്പന്നങ്ങൾ, കയർ ഫൈബർ എന്നിവ ഉൾപ്പെടെ ആകെ 61.17 കോടി രൂപയുടെ ആഭ്യന്തര വിപണനം |

| | |
|---|---|
| | നടത്തിയിട്ടുണ്ട്. |
| ബി) കയർഫെഡ്, കയർ വികസന കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ; | ബി) കയർഫെഡ് കേരളത്തിലെ കയർ സഹകരണ സംഘങ്ങളുടെ അപ്പെക്സ് സംഘമാണ്. സംഘങ്ങൾ ഉത്പ്പാദിപ്പിക്കുന്ന കയറും കയറുല്പന്നങ്ങളും വാങ്ങി വിപണനം നടത്തുക എന്നതാണ് കയർഫെഡിന്റെ മുഖ്യ പ്രവർത്തനം. 2013–14 ൽ കയർഫെഡ് 71,974 ക്വിന്റൽ കയർ സംഭരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനമാണ്. ഇതിന്റെ പ്രധാന പ്രവർത്തനങ്ങൾ, ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കളെ സഹകരണ അടിസ്ഥാനത്തിൽ , സംഘടിപ്പിച്ച് അവർക്കാവശ്യമായ ഉല്പന്ന ഓർഡറുകൾ നൽകുകയും, അവർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ഗുണമേന്മ പരിശോധിച്ച് സംഭരിക്കുകയും , സംഭരിക്കുന്ന ഉല്പന്നങ്ങൾക്ക് സർക്കാർ നിശ്ചയിച്ച ക്രയവില നൽകുകയും ചെയ്യുക, ചെറുകിട കയർ ഉല്പന്ന നിർമ്മാ താക്കൾക്ക് ആവശ്യ സന്ദർഭങ്ങളിൽ അസംസ്കൃത വസ്തുക്കൾ, മറ്റു നിർമ്മാണ വസ്തുക്കൾ എന്നിവ വായ്പയായി നൽകുക, ആവശ്യ സന്ദർഭങ്ങളിൽ അവർക്കാവശ്യമായ സാങ്കേതിക സാമ്പത്തിക മറ്റു സഹായങ്ങൾ ലഭ്യമാക്കുന്നതിന് പരിശ്രമിക്കുക, കയർ രംഗത്തെ പുത്തൻ പ്രവണതകളും സാധ്യതകളും വിശകലനം ചെയ്ത് കയർ വ്യവസായത്തിലെ വെല്ലുവിളികളെ നേരിടുന്നതിന് വേണ്ടി പ്രവർത്തിക്കുക എന്നിവയാണ്. കയറുല്പന്നങ്ങൾ വിദേശ വിപണികളിലും ആഭ്യന്തര വിപണികളിലും വിപണനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. |

| | |
|---|---|
| | ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ് (ഫോമിൽ) കയർ മേഖലയിലെ മറ്റൊരു പൊതുമേഖലാ സ്ഥാപനമാണ്. കയർ, ജൂട്ട്, സൈസൽ എന്നിവ കൊണ്ടുള്ള വിവിധ ഉല്പന്നങ്ങൾ ഫോമിൽ നിർമ്മിക്കുന്നു. കയറുല്പന്നങ്ങളുടെ വിപണി വിപുലീകരിക്കുന്നതിനായി ചകിരിച്ചോർ അടിസ്ഥാന വസ്തുവായുള്ള ചെരുപ്പ്, കയർ മാട്രസ്സുകൾ, എന്നിവ വികസിപ്പിച്ചെടുത്ത് മാർക്കറ്റിൽ വിതരണം നടത്തിവരുന്നു. കയർ ബോർഡ്, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, സർക്കാരിനു കീഴിലുള്ള ആശുപത്രികൾ, മറ്റു സംസ്ഥാനേതര ഏജൻസികൾ എന്നിവയുമായെല്ലാം യോജിച്ചു കയറുല്പന്നങ്ങളുടെ മാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനും പ്രവർത്തിക്കുന്നു. 2013-14 വർഷത്തെ ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ വാർഷിക വിറ്റുവരവ് 675.43 ലക്ഷം രൂപയും കയറ്റുമതി 72.24 ലക്ഷം രൂപയുമാണ്. ഈ സ്ഥാപനങ്ങളെല്ലാം തന്നെ പഞ്ചായത്തുകളുമായെല്ലാം ബന്ധപ്പെട്ട് ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. |
| സി) കയർ ഉൽപാദക സ്ഥാപനങ്ങൾക്കാവശ്യമായ തൊണ്ട് സംഭരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | സി) കയർ ഉല്പാദക സ്ഥാപനങ്ങൾക്കാവശ്യമായ തൊണ്ട് സംഭരിക്കുന്നതിന് തൊണ്ടു സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. തൊണ്ടു സംഭരിക്കുന്നതിന് തൊണ്ടു സംഭരണ കൺസോർഷ്യങ്ങൾക്കു 5.00 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട്, കടത്തുകൂലിയുടെ 50% ഗ്രാന്റ്, തൊണ്ട് സംഭരിക്കുന്നതിന് കയർ സഹകരണ സംഘങ്ങൾക്ക് പരമാവധി ഒരു |

| | |
|---|---|
| | ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് എന്നിവ നൽകി വരുന്നു. തൊണ്ട് ശേഖരിക്കുന്ന ആക്ടിവിറ്റി ഗ്രൂപ്പിലെ വ്യക്തിക്ക് പ്രതിദിനം നൽകിയിരുന്ന പരമാവധി വേതനം 100 രൂപയിൽ നിന്ന് 150 രൂപയായും, സംഭരിക്കുന്ന തൊണ്ടിന് നൽകിയിരുന്ന ഇൻസെന്റീവ് പച്ചത്തൊണ്ടിന് 10 പൈസയിൽ നിന്നും 15 പൈസയായും ഉണക്കത്തൊണ്ടിന് 7.5 പൈസയിൽ നിന്നും 10 പൈസയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഡീഫൈബറിംഗ് മെഷീൻ ഉള്ള കയർ മേഖലയിലെ സഹകരണ സംഘങ്ങൾ സംഘത്തിലെ ഉല്പാദനത്തിന് സംഭരിക്കേണ്ടി വരുന്ന തൊണ്ട് പ്രസ്തുത സംഘങ്ങളിലെ തൊഴിലാളികൾ സംഘം മുഖേന ശേഖരിക്കുകയാണെങ്കിൽ ആ തൊഴിലാളികൾക്ക് ആക്ടിവിറ്റി ഗ്രൂപ്പ് അംഗങ്ങൾക്ക് നൽകുന്ന മാനദണ്ഡ പ്രകാരമുള്ള പ്രതിദിനം ലഭിക്കുന്ന 150 രൂപ, സംഭരിക്കുന്ന തൊണ്ടിന് ഇൻസെന്റീവ് ഇവ ലഭിക്കുന്നതിന് അർഹരാക്കി. പ്രോജക്ട് ലെവൽ ഹസ്ക്ക് പ്രൊക്യൂയർമെന്റ് കമ്മറ്റിയുടെയും മോണിറ്ററിംഗ് കമ്മറ്റിയുടെയും ഘടനകളിൽ മാറ്റങ്ങൾ വരുത്തി. തൊണ്ട് സംഭരണം കൂടുതൽ ശക്തമാക്കി വിപുലീകരിച്ചു നടപ്പാക്കുന്നതിനായി പദ്ധതി ഇനിയും പരിഷ്ക്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, നാളികേര വികസന ബോർഡുമായി ചേർന്നും തൊണ്ടു സംഭരിച്ച് ചകിരിയാക്കാനുള്ള പദ്ധതി നടപ്പിലാക്കാനും നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| ഉൽപാദനം , വിപണനം, കയറ്റുമതി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ? | വിപണനം, കയറ്റുമതി എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. 2013–14 വർഷം ഇന്ത്യയിൽ നിന്നും 1,476 കോടി രൂപയുടെ കയറും കയറുല്പന്നങ്ങളും, കയർ പിത്തും കയറ്റുമതി നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ